"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീമതി പ്രതീക്ഷകുമാരി.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1714/2024 ഹർജിയിന്മേലുള്ള 08.11.2024 തീയതിയിലെ വിധിന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.155/2025/LSGD തീയതി,തിരുവനന്തപുരം, 17-01-2025

---

പരാമർശം:-

1. ശ്രീമതി പ്രതീക്ഷകുമാരി.വി സമർപ്പിച്ച 07.11.2024 തീയതിയിലെ അപേക്ഷ ( അനുബന്ധം A13)
2. ശ്രീമതി പ്രതീക്ഷകുമാരി.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1714/2024 ഹർജിയിന്മേലുള്ള 08.11.2024 തീയതിയിലെ ഉത്തരവ്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 27.12.2024 തീയതിയിലെ LSGD/PD/41495/2024-LL2 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി പ്രതീക്ഷകുമാരി.വി 2024 ലെ പൊതുസ്ഥലമാറ്റ ഉത്തരവിൽ കല്ലറ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളതിനെതിരെ ഉചിതമായ നടപടി സ്വീകരിച്ച് ടിയാളെ തിരുവനന്തപുരം നഗരസഭയിൽ നിലനിർത്തണമെന്ന് പരാമർശം (1) അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നു. കൂടാതെ ഇതേ ആവശ്യം ഉന്നയിച്ച് ശ്രീമതി. പ്രതീക്ഷകുമാരി.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1714/2024 ഹർജിയിന്മേലുള്ള പരാമർശം (2) ഉത്തരവ് പ്രകാരം, ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ നിയമാനുസൃതമായി അനുബന്ധം എ13 നിവേദനത്തിൻമേൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. ഈ വിഷയത്തിൽ പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ചുവടെ പറയുന്ന റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. ശ്രീമതി പ്രതീക്ഷകുമാരി.വി 12/02/2013 ൽ തിരുവനന്തപുരം നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ട്. ടിയാൾ 12/02/2013 മുതൽ തുടർച്ചയായി തിരുവനന്തപുരം നഗരസഭയിൽ ജോലി ചെയ്ത് വരികയാണ്. ശ്രീമതി പ്രതീക്ഷകുമാരി.വി പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിച്ച നിശ്ചിത സമയ പരിധിയിൽ ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടില്ല. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ പൊതു സ്ഥലമാറ്റത്തിനായി 2023 ൽ അപേക്ഷ ക്ഷണിച്ചപ്പോൾ ശ്രീമതി പ്രതീക്ഷകുമാരി.വി അപേക്ഷ സമർപ്പിച്ചിരുന്നില്ല. 2023 ലെ പൊതു സ്ഥലമാറ്റ ഉത്തരവിൽ ടിയാളെ അഴൂർ ഗ്രാമപഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് ആകുകയും, ടി

ഉത്തരവിനെതിരെ ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും, ടിയാളുടെ ഭർത്താവിന്റെ അസുഖം പരിഗണിച്ച് തിരുവനന്തപുരം കോർപ്പറേഷനിലോ, സമീപത്തെ ഏതെങ്കിലും ഓഫീസിലോ നിയമനം നൽകുവാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് നൽകിയിരുന്നു. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലുള്ള ഓഫീസുകളിൽ ഒഴിവില്ലാതിരുന്ന സാഹചര്യത്തിൽ ശ്രീമതി പ്രതീക്ഷാകുമാരി.വി യെ തിരുവനന്തപുരം നഗരസഭയിൽ നിലനിർത്തി ഉത്തരവായിരുന്നു.

3. തദ്ദേശ സ്വയം ഭരണ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ടുള്ള G.O(MS) No. 46/2024/LSGD dtd 16.03.2024 ഉത്തരവിലെ 2 (ബി) പ്രകാരം ഒരു ഓഫീസിൽ അതത് വർഷം മാർച്ച് 31 ന മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ എല്ലാ ജിവനക്കാരെയും സ്ഥലം മാറ്റേണ്ടതുണ്ടെന്നും, മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ എല്ലാ ജീവനക്കാരും സ്ഥലം മാറ്റത്തിന് അപേക്ഷിക്കേണ്ടതാണെന്നും, അല്ലാത്ത പക്ഷം പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ച എല്ലാ അപേക്ഷകളും പരിഗണിച്ചതിനു ശേഷമുള്ള ഒഴിവുകളിലേക്ക് മാത്രമേ ടിയാളുകളെ പരിഗണിക്കുകയുള്ളവെന്നും ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം നഗരസഭ കാര്യാലയം (സോണൽ ഓഫീസുകൾ ഉൾപ്പെടെ) ഒരു സ്റ്റേഷനായിട്ടാണ് കണക്കാക്കുന്നത്. നിലവിലെ ഓഫീസിൽ 11 വർഷത്തെ സേവനം പൂർത്തികരിച്ചിട്ടുള്ളതിനാൽ ടിയാൾ നിർബന്ധമായും സ്ഥലം മാറ്റപ്പെടേണ്ട ജീവനക്കാരനാണ്. ശ്രീമതി പ്രതീക്ഷകുമാരി.വി പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിച്ച നിശ്ചിത സമയ പരിധിയിൽ ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടില്ല. ടി ഉത്തരവിലെ 2 (ബി) പ്രകാരമാണ് ശ്രീമതി പ്രതീക്ഷാകുമാരി.വി യെ കല്ലറ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവായിട്ടുള്ളത്.

4. ടി ഉത്തരവിലെ 6 (C) പ്രകാരം , ജീവനക്കാരന്റെ ഭാര്യ / ഭർത്താവ് ഗുരുതരമായ രോഗം പിടിപെട്ടതോ ജീവനക്കാരനെ പൂർണ്ണമായും ആശ്രയിച്ച് കഴിയുന്നതും, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരൻ അപേക്ഷിക്കുന്ന സ്റ്റേഷനിലേക്ക് മുൻഗണന നൽകുകയാണ് ചെയ്യുന്നത്. മുൻഗണ ലഭിക്കുന്നവർക്ക് നിശ്ചിത ശതമാന പരിധി പാലിച്ചുകൊണ്ട് സ്ഥലംമാറ്റം അനുവദിക്കും. ശ്രീമതി പ്രതീക്ഷാകുമാരി.വി ടിയാളുടെ ഭർത്താവിന്റെ രോഗവിവരം മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെ 2024 ലെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാതിരുന്നതിനാൽ മേൽ പ്രസ്താവിച്ചിട്ടുള്ളവയുള്ള മുൻഗണന ടിയാൾക്ക് സ്ഥലംമാറ്റത്തിന് അനുവദിക്കുന്നതിന് സാധിച്ചിട്ടില്ല. ടി സാഹചര്യത്തിലാണ് ടിയാളെ 2024 ലെ പൊതുസ്ഥലംമാറ്റത്തിൽ കല്ലറ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവായിട്ടുള്ളത്.

5. 2023 ലും 2024 ലും ശ്രീമതി പ്രതീക്ഷാകുമാരി.വി പൊതുസ്ഥലമാറ്റപ്രകാരം സൗകര്യപ്രദമായ സ്റ്റേഷൻ ലഭിക്കാൻ അവസരമുണ്ടായിരുന്നെങ്കിലും ആയത് ടിയാൾ വിനിയോഗിച്ചിരുന്നില്ല. ഇക്കാരണത്താലാണ് ടിയാൾക്ക് സകര്യപ്രദമായ സ്റ്റേഷൻ ലഭിക്കാതിരുന്നതെന്നും, തിരുവനന്തപുരം നഗരസഭയിൽ തന്നെ തുടർച്ചയായി ജോലിചെയ്യണമെന്ന ഉദ്ദേശത്തോട് കൂടിയാണ് ടിയാൾ സ്ഥലമാറ്റത്തിനായി അപേക്ഷ സമർപ്പിക്കാതിരുന്നതെന്നുമുള്ള വിവരം തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

6. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. OA 1714/2024 കേസിലെ ഹർ ജിക്കാരിയായ തിരുവനന്തപുരം നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി പ്രതീക്ഷകുമാരി.വി സമർപ്പിച്ച നിവേദനത്തിൽ അപേക്ഷിച്ചിട്ടുള്ള വസ്തുതകൾ, പ്രിൻസിപ്പൽ

ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ നിന്നും ശ്രീമതി പ്രതീക്ഷകുമാരി.വി സമർപ്പിച്ച നിവേദനത്തിലെ (അനുബന്ധം A13) ആവശ്യം അനുകൂലമായി പരിഗണിക്കുവാൻ കഴിയുകയില്ല. മേൽ സാഹചര്യത്തിൽ ടിയാളെ തിരുവനന്തപുരം നഗരസഭയിൽ നിലനിർത്തണമെന്ന അനുബന്ധം A13 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

ശ്രീമതി പ്രതീക്ഷകുമാരി.വി , ഓഫീസ് അറ്റൻഡന്റ് തിരുവനന്തപുരം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 17-01-2025 11:12:48
സെക്ഷൻ ഓഫീസർ